# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5127

28-10-2016 ൽ മറുപടിയ്ക്ക്

## തുറമുഖങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. പി.ടി. തോമസ് :<br>ശ്രീ. വി.ഡി. സതീശൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) തുറമുഖങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിൻ വാങ്ങൽ, റീച്ച് സ്റ്റാക്കർ വാങ്ങൽ, ബർത്തിന്റെ നീളം കൂട്ടൽ, ബേസിന്റെ ആഴം കൂട്ടൽ, ടഗ്ഗ് വാങ്ങൽ, സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ, പാസഞ്ചർ ടെർമ്മിനൽ നിർമ്മാണം എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കേണ്ടതെന്ന് വിശദമാക്കുമോ; | (ബി) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിന് ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടത്തിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത് 46 കോടി മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 736 കോടി രൂപ |

| | | |
|---|---|---|
| | | ചിലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി 381 കോടി രൂപയുടെ പദ്ധതി രൂപരേഖയും തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത് ; വിശദീകരിക്കുമോ ? | (സി) ഈ സാമ്പത്തികവർഷം സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ 108 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി 500 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ പൊന്നാനി, നാട്ടകം എന്നീ തുറമുഖങ്ങൾ പി.പി.പി മോഡലിൽ വികസിപ്പിക്കുന്നു. നബാഡിന്റെ RIDF സ്കീം, കേരളാ ഇൻഫ്രാ സ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (KIIFB) ധനസഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകളും നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തുറമുഖവികസന പദ്ധതിയായ സാഗർമാല / ഭാരത് മാലാ എന്നീ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട് |

**സെക്ഷൻ ഓഫീസർ**